LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ പൊതുകടം

12(275) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം എന്നിവ എത്രയായിരുന്നുയെന്ന് വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-3-2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയായിരുന്നു. ഇത് പ്രകാരമുള്ള ആളോഹരി പൊതുകടം 32,129.23 രൂപയായിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്നും ആളോഹരി കടം എത്രയാണെന്നും വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 30-3-2021 വരെയുള്ള ലഭ്യമായ താത്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,05,447.51 കോടി രൂപയാണ്. ഇത് പ്രകാരമുള്ള ആളോഹരി പൊതുകടം 59,012.90 രൂപയാണ്.

(സി) ഇത്തരത്തിൽ പൊതുകടം വർദ്ധിക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ?

ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനങ്ങളുടെ കടമെടുപ്പുപരിധി GSDP-യുടെ ഒരു നിശ്ചിത ശതമാനമായിട്ടാണ് നിശ്ചയിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാപരിധിക്കുള്ളിൽനിന്നുകൊണ്ട് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന വായ്പാപരിധിക്കുള്ളിൽ കേന്ദ്രത്തിൽനിന്നും പുറത്തുനിന്നും എടുക്കുന്ന വായ്പകളും ഉൾപ്പെടുന്നു. 2015-16 മുതൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യിലുള്ള വർദ്ധനവിന് ഏറെക്കുറെ ആനുപാതികമായ വർദ്ധനവാണ് കടത്തിലും ഉണ്ടായിട്ടുള്ളത്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ ജി.എസ്./ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമെ 2 ശതമാനം അധിക വായ്പയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനത്തിന് ഈ അധികവായ്പയെ ആശ്രയിക്കേണ്ടിവന്നത് കടത്തിൽ നേരിയ വർദ്ധനവിന് കാരണമായിട്ടുണ്ട്.

(ഡി) പൊതുകടത്തിലുണ്ടായ വർദ്ധനയ്ക്ക് ആനുപാതികമായി സംസ്ഥാനത്തിന്റെ ആസ്തിയിലുണ്ടായ വർദ്ധന എത്രയെന്നും അത് ഏതൊക്കെയാണെന്നും തരംതിരിച്ച് വിശദമാക്കുമോ?

2020-21-ൽ സംസ്ഥാനത്തിന്റെ പൊതുകടം 2,05,447.51 കോടി രൂപയായിരുന്നു. പൊതുകടത്തിൽ 17.64% (30,807.29 കോടി രൂപയുടെ) വർദ്ധനവാണ് രേഖപ്പെടുത്തിയത്. പ്രസ്തുത വർഷത്തിൽ മൂലധനച്ചെലവിൽ 50% (4223.63 കോടിരൂപയുടെ) വർദ്ധനവുണ്ടായിട്ടുണ്ട്.

സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി

13(276) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിച്ചുനൽകണമെന്ന് മുൻ സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കടമെടുപ്പ് പരിധിയിൽ കേന്ദ്രം വർദ്ധന വരുത്തിയിരുന്നോ; വിശദമാക്കുമോ;

(ബി) എതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്രം വർദ്ധിപ്പിച്ചത്; പ്രസ്തുത നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ;

(സി) 2021-22-ൽ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി എത്ര കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്; അറിയിക്കാമോ?

(എ-സി) കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയും റവന്യൂ വരുമാനത്തിനും സൃഷ്ടിച്ച പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ വായ്പാപരിധി GSDP-യുടെ 3 ശതമാനത്തിൽനിന്നും 5 ശതമാനമായി വർദ്ധിപ്പിച്ചു നൽകിയിരുന്നു. ഈ രണ്ട് ശതമാനം അധികവായ്പയിൽ ഒരു ഭാഗം ഊർജ്ജ മേഖലയിലെ പരിഷ്കരണങ്ങൾ, ഒരു രാജ്യം ഒരു റേഷൻ കാർഡ്, വ്യാപാരം